മലേഷ്യയുടെ സാമ്പത്തിക സഹായത്തോടെ വികസന പ്രവർത്തനങ്ങൾ

6 (*154) ശ്രീ. ടി. കെ. ബാലൻ :
ശ്രീ. എം. ദാസൻ :
ശ്രീ. എൻ. ആർ ബാലൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലേഷ്യയുടെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്ത് വികസന പ്രവർത്തനങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം സർക്കാർ കൈക്കൊണ്ടുവോ ;

(ബി) എങ്കിൽ സംസ്ഥാനത്തെ ഏതൊക്കെ മേഖലകളുടെ വികസനത്തിനാണ് പ്രസ്തുത സാമ്പത്തിക സഹായം പ്രതീക്ഷിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) മലേഷ്യയുടെ സഹായ പദ്ധതികളെ സംബന്ധിച്ച് പ്രാഥമിക ധാരണ ആയിട്ടുണ്ടോ ;

(ഡി) വികസന പദ്ധതികളെ സംബന്ധിച്ച് ചർച്ച നടത്തുന്നതിനായി മലേഷ്യൻ ഉന്നതതല സംഘം സംസ്ഥാനം സന്ദർശിച്ചുവോ ;

(ഇ) സംസ്ഥാനത്തിന്റെ വികസന പദ്ധതികളുടെ നടത്തിപ്പിനായി മൊത്തം എന്തു തുകയുടെ ധനസഹായമാണ് പ്രതീക്ഷിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) സംസ്ഥാനത്തെ വികസന പദ്ധതികളുടെ നടത്തിപ്പിനായി സർക്കാർ ഉന്നതതല സംഘത്തെ നിയോഗിച്ചുവോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ-സി) Government to Government അടിസ്ഥാനത്തിൽ ഏഴ് റോഡ് - ജലവിതരണ പദ്ധതികൾ നടപ്പാക്കുന്നതിനായുള്ള ഒരു ലെറ്റർ ഓഫ് ഇന്റന്റ് സംസ്ഥാന ഗവൺമെന്റ് മലേഷ്യൻ സർക്കാരിന് 8-12-2000-ൽ നൽകിയിട്ടുണ്ട്.

(ഡി) മലേഷ്യയിലെ മരാമത്ത് മന്ത്രി നയിച്ച ഒരു സംഘം ഡിസംബർ 28-30 തീയതികളിൽ കേരളം സന്ദർശിച്ചു.

(ഇ) ഇവയിൽ ഉടനെ നടപ്പാക്കാനുദ്ദേശിക്കുന്ന മൂന്ന് പദ്ധതികൾക്കുള്ള മുതൽ മുടക്ക് 470 കോടി രൂപയാണ്.

(എഫ്) മലേഷ്യയുമായി യോജിച്ചുള്ള പദ്ധതി പ്രവർത്തനത്തിന് മൂന്നംഗ ഉദ്യോഗസ്ഥ Task force രൂപീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly